**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4381** | **06-03-2023 - ൽ മറുപടിയ്ക്ക്**

**കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ആകെ എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (എ) | ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോട്ടു കൂടി കരകൗശല മേഖലയിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുവാൻ 1.50 കോടി രൂപ വകയിരുത്തിയിരുത്തിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് 54 പേർക്ക് ടേം ലോൺ അനുവദിച്ചിട്ടുണ്ട്. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി **കാഡ്കോയ്ക്ക്** NBCFDC യിൽ നിന്നും 70 ലക്ഷം രൂപ അനുവദിച്ചതിൽ 14 സംരംഭങ്ങൾക്കായി NBCFDC വിഹിതമായി 47,20,500/- രൂപയും കാഡ്കോയുടെ തനത് ഫണ്ടിൽ നിന്നും 8,09,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>കരകൗശല തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 40% ശതമാനം പൊതു വിഭാഗങ്ങൾക്കും, പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 50% ശതമാനം സ്ത്രീകൾ /പട്ടിക ജാതി /പട്ടിക വർഗക്കാർ /യുവതി യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽ പെട്ടവർക്കും സബ്സിഡി നൽകുന്ന പദ്ധതിയാണ് ഇത്. സംസ്ഥാനത്ത് ആശ പദ്ധതി പ്രകാരം 2022-23 വർഷത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയതിൽ നിന്ന് 13 യൂണിറ്റുകൾക്കായി 10.33 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ